**Deepika**

**27 August 2018**

**Kochi; After Flood, Flood relief Fund**



ഉണർവ് സ്വയം സഹായസംഘത്തിന്റെ നേതൃത്വത്തിൽ ബസുകളിൽ നടത്തിയ കാരുണ്യയാത്ര ജില്ലാ പഞ്ചായത്ത് മെമ്പർ എ.പി. സുഭാഷ് ഫ്ളാഗ്ഓഫ് ചെയ്യുന്നു.

## ദുരിതാശ്വാസ നിധി സംഭരിക്കാനായി ബസുകളുടെ കാരുണ്യയാത്ര

**ആമ്പല്ലൂർ:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ശേഖരിച്ചു നൽകുന്നതിനായി ബസുകളുടെ കാരുണ്യയാത്ര. അരയൻകാവ് ഉണർവ് സ്വയം സഹായ സംഘവും റയാൻ മോട്ടോഴ്സും സംയുക്തമായാണ് യാത്ര സംഘടിപ്പിച്ചത്.

റയാൻ മോട്ടോഴ്സിന് കീഴിലുള്ള തലയോലപ്പറമ്പ്-എറണാകുളം റൂട്ടിലോടുന്ന അൽഫാസ്, അൽഫരീദിയ, ഫാൽക്കൻ എന്നീ ബസുകളിൽ ടിക്കറ്റിനുപകരം യാത്രക്കാരിൽ നിന്നും ഇഷ്ടമുള്ള സംഭാവന സ്വീകരിച്ചായിരുന്നു യാത്ര. ഇന്നലെ രാവിലെ 6.40 ന് ജില്ലാപഞ്ചായത്ത് മെമ്പർ എ.പി. സുഭാഷ് അരയൻകാവിൽ യാത്ര ഫ്ളാഗ്ഓഫ് ചെയ്തു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ. മനോജ് കുമാർ, ഉണർവ് പ്രസിഡന്റ് കെ.എ. നിസാർ, ശിഹാബ് എന്നിവർ സംസാരിച്ചു. നിരവധി കാരുണ്യയാത്രകൾ നടത്തിയിട്ടുള്ള റയാൻ മോട്ടോഴ്സിന്റെ ഇത്തരത്തിലുള്ള 15ാമത് യാത്രയാണിത്.

F